**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 238** **25-06-2024 - ൽ മറുപടിയ്ക്ക്**

**വന്യജീവികളുടെ എണ്ണം നിയന്ത്രിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതുമൂലം അവ വനപ്രദേശത്തിന് സമീപമുള്ള ജനവാസ മേഖലകളിലേക്ക് ഇറങ്ങി വരുന്നുവെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വനത്തിനുള്ളിലെ അനിയന്ത്രിതമായ കാലിമേച്ചിൽ, കാടിനോട് ചേർന്ന് വർദ്ധിച്ചുവരുന്ന ജന സാന്നിദ്ധ്യം, സെന്ന പോലുള്ള അധിനിവേശ സസ്യങ്ങളുടെ വ്യാപനം തുടങ്ങിയവ വനത്തിന്റെ ആവാസ വ്യവസ്ഥയുടെ സന്തുലിതാവസ്ഥയെ തകിടം മറിക്കുന്നതും വന്യജീവികൾ കാട്ടിൽനിന്നും നാട്ടിലേക്കിറങ്ങുന്നതിന് ഒരു പരിധിവരെ കാരണമാകുന്നുണ്ട് . കൂടാതെ വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ കൃഷി ചെയ്യുന്ന വിളകൾ ഭക്ഷണമാക്കുന്നതിനും പൊതുവെ വന്യമൃഗങ്ങൾ ജനവാസ മേഖലകളിൽ ഇറങ്ങാറുണ്ട്. പ്രായാധിക്യം, പരിക്ക്, അസുഖങ്ങൾ എന്നിവ മൂലം ഇരപിടിക്കുവാൻ ബുദ്ധിമുട്ടുള്ള മാംസഭുക്കുകളും താരതമ്യേന എളുപ്പത്തിൽ പിടികൂടാവുന്ന വളർത്തുമൃഗങ്ങളെ ഇരയാക്കുന്നതിന് ജനവാസ മേഖലകളിലേക്ക് ഇറങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ വന്യജീവികളുടെ എണ്ണം നിയന്ത്രിക്കുന്നതിനായി നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ബി) | 1972 ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 62 പ്രകാരം കേന്ദ്ര സർക്കാരിന് ഷെഡ്യൂൾ 2-ൽ ഉൾപ്പെട്ടിട്ടുള്ള ഏതൊരു വന്യമൃഗത്തേയും ഒരു പ്രത്യേക പ്രദേശത്തും കാലയളവിലേക്കും പ്രത്യേക നോട്ടിഫിക്കേഷനിലൂടെ വെർമിൻ (ക്ഷുദ്രജീവി) ആയി പ്രഖ്യാപിക്കുന്നതിന് അധികാരമുണ്ട്. ക്ഷുദ്രജീവിയായി പ്രഖ്യാപിക്കപ്പെട്ട മൃഗങ്ങളെ വേട്ടയാടി ഇല്ലായ്മ ചെയ്യുന്നതിന് നിയമ തടസ്സങ്ങളില്ല. കേരളത്തിൽ കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കാനുള്ള ശുപാർശ കേരള സർക്കാർ കേന്ദ്ര സർക്കാരിനു സമർപ്പിച്ചിരുന്നുവെങ്കിലും വന്യജീവി സംരക്ഷണ നിയമത്തിലെ സെക്ഷൻ 11 (1) (ബി) പ്രകാരമുള്ള നടപടി സ്വീകരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സേവനമുപയോഗിച്ചും |

| | | | |
|---|---|---|---|
| | | | ജനവാസമേഖലകളിൽ ഇറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചതിൻ പ്രകാരം അത്തരത്തിലുള്ള കാട്ടുപന്നികളെ ഉപാധികളോടെ ഇല്ലായ്മ ചെയ്യുന്നതിന് നിലവിൽ ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാർക്കും, സെക്രട്ടറിമാർക്കും നൽകി കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ കാലാവധി 28-05-2024 മുതൽ ഒരു വർഷത്തേക്കും കൂടി ദീർഘിപ്പിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ